ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.11.2024**

## പ്രധാനവാർത്തകൾ

1). **ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് കേടായ അരി വിതരണം ചെയ്ത സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ.**

2) **സ്വകാര്യ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ അനുവദിക്കുമെന്ന കേന്ദ്ര സർക്കാർ തീരുമാനം മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.**

3) **സംസ്ഥാനത്തെ മൂന്ന് മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.**

4) **സ്ഥാനമൊഴിയുന്ന ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢിന് സുപ്രീം കോടതിയിൽ വികാരനിർഭരമായ യാത്രയയപ്പ്.**

5) **കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

6) **സംസ്ഥാന സ്കൂൾ കായിക മേളയിൽ ഗെയിംസിലും, അക്വാട്ടിക്സിലും മേധാവിത്വമുറപ്പിച്ച് തിരുവനന്തപുരം. അത്ലറ്റിക്സിൽ മലപ്പുറം ജില്ല മുന്നിൽ.**

****************************************************

RNU TVPM

## <u>വിജിലൻസ് അന്വേഷണം-മുഖ്യമന്ത്രി</u>

ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് മേപ്പാടി ഗ്രാമപഞ്ചായത്ത് പുഴുവരിച്ച അരിയും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്ത സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്തരവിട്ടു. ഇത് സംബന്ധിച്ച വാർത്തകളുടെ പശ്ചാത്തലത്തിലാണ് അന്വേഷണം. പഞ്ചായത്ത് വിതരണം ചെയ്തത് പഴയ സ്റ്റോക്ക് ആണോ, ലഭ്യമായ ഭക്ഷ്യധാന്യങ്ങൾ ഏതെങ്കിലും തരത്തിൽ മാറ്റിയോ എന്നിങ്ങനെയുള്ള കാര്യങ്ങളും അന്വേഷണ വിധേയമാക്കും. ഇത് സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു. സംഭവത്തിൽ സംസ്ഥാന ഭക്ഷ്യകമ്മീഷനും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമാൺ എന്ന സന്നദ്ധ സംഘടന മേപ്പാടി ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്ത ഭക്ഷ്യകിറ്റുകളാണ് ഉപയോഗ ശൂന്യമായതെന്ന് വയനാട് ADM, കമ്മീഷന് വിശദീകരണം നൽകി.

RNU TVPM

*****************************************************

## <u>ജോർജ് കുര്യൻ - (ഇൻട്രോ)</u>

സ്വകാര്യ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ അനുവദിക്കുമെന്ന കേന്ദ്ര സർക്കാർ തീരുമാനം മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. അടിയന്തര ഘട്ടങ്ങളിൽ വിവരങ്ങൾ കൈമാറുന്നതിന് രാജ്യത്തെ എല്ലാ മത്സ്യബന്ധന യാനങ്ങളിലും വിവിധ ഘട്ടങ്ങളിലായി ട്രാൻസ്പോണ്ടർ ഘടിപ്പിക്കുമെന്നും അദ്ദേഹം കൊച്ചിയിൽ പറഞ്ഞു. ഫിഷറീസ്, അക്വാ കൾച്ചർ, മേഖലകളിൽ ഡ്രോൺ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച

പ്രദർശനവും ശില്പശാലയും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഈ വർഷം ഒരു ലക്ഷം മത്സ്യബന്ധന ബോട്ടുകളിലാണ് ട്രാൻസ്പോണ്ടർ ഘടിപ്പിക്കുക എന്നും അദ്ദേഹം അറിയിച്ചു.

**(ഹോൾഡ് വോയ്സ്.....)**

************************************************************

**ഉപതിരഞ്ഞെടുപ്പ് – സംസ്ഥാനം**

കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. വയനാട് ലോക്സഭാ മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ പ്രചരണ പരിപാടികളിൽ, ഒളിമ്പ്യൻ വിനേഷ് ഫോഗട്ട് ഇന്ന് പങ്കെടുത്തു. LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് കല്പറ്റ മണ്ഡലത്തിൽ പ്രചാരണം നടത്തി. NDA സ്ഥാനാർഥി നവ്യ ഹരിദാസിൻറെ പ്രചാരണത്തിനായി കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ് ഗോപി നാളെ മണ്ഡലത്തിലെത്തും.

പാലക്കാട് മണ്ഡലത്തിലെ എൽ ഡി. എഫ് സ്ഥാനാർഥി പി. സരിൻ ഇന്ന് യാക്കര, നൂറണി, തിരുനെല്ലായ് മേഖലകളിൽ പ്രചരണം നടത്തി. എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാറിന്റെ പ്രചാരണാർത്ഥം നടന്ന കുടുംബയോഗങ്ങളിൽ തുഷാർ വെള്ളാപ്പള്ളി, ശോഭ സുരേന്ദ്രൻ തുടങ്ങിയ നേതാക്കൾ പങ്കെടുത്തു.

യു. ഡി. എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് കണ്ണാടി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലാണ് പ്രചാരണം നടത്തിയത്. ചേലക്കരയിൽ യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസ് പഴയന്നൂർ പഞ്ചായത്തിൽ പ്രചാരണം നടത്തി. NDA സ്ഥാനാത്ഥി കെ.ബാലകൃഷ്ണൻറെ മണ്ഡല പര്യടനത്തിന്റെ സമാപന സമ്മേളനം ബിജെപി സംസ്ഥാന

RNU TVPM

അധ്യക്ഷൻ കെ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എൽഡിഎഫ് സ്ഥാനാർഥി യു.ആർ പ്രദീപ് ഇന്ന് മണ്ഡലത്തിൽ മൂന്നാം ഘട്ട സ്വീകരണ പരിപാടിയിലേക്ക് കടന്നു.

**************************************************

**<u>തിരഞ്ഞെടുപ്പ് കമ്മീഷൻ -മാധ്യമവാർത്ത</u>**

പാലക്കാട് ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നവംബർ ആറിന് ഹോട്ടൽ റൂമിൽ നടന്ന പോലീസ് പരിശോധനയിൽ തെരഞ്ഞെടുപ്പ് കമ്മീഷന് റിപ്പോർട്ട് നൽകിയതായുള്ള മാധ്യമ വാർത്ത വസ്തുതാ വിരുദ്ധമാണെന്ന് പാലക്കാട് ജില്ലാ കളക്ടർ. ഈ വിഷയവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെടുകയോ ജില്ലാ കളക്ടർ രേഖാ മൂലം റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചു.

PRIJ TVPM

**************************************************

**<u>ചീഫ് ജസ്റ്റിസ് - (ഇൻട്രോ)</u>**

സ്ഥാനമൊഴിയുന്ന ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢിന് സുപ്രീംകോടതിയിൽ വികാരനിർഭരമായ യാത്രയയപ്പ്. ഈ മാസം 10 ന് വിരമിക്കുന്ന ചീഫ് ജസ്റ്റിസിൻറെ, സുപ്രീംകോടതിയിലെ അവസാന പ്രവൃത്തിദിവസമായിരുന്നു ഇന്ന്. ചെറിയ കാലഘട്ടത്തിലാണെങ്കിലും, നാം ചെയ്യുന്ന മികച്ച പ്രവൃത്തികൾ എന്നെന്നേക്കുമായി നിലനിൽക്കുമെന്ന് യാത്രയയപ്പ് ചടങ്ങിൽ ചീഫ് ജസ്റ്റിസ് പറഞ്ഞു.

**(ഹോൾഡ്...)**

ചരിത്രപരമായ നിരവധി വിധിന്യായങ്ങൾ പുറപ്പെടുവിച്ചു കൊണ്ടാണ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് തൻറെ ഔദ്യോഗിക കാലാവധി പൂർത്തിയാക്കുന്നത്. പുതിയ ചീഫ്

ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന ഈ മാസം 11-ന് അധികാരമേൽക്കും.

*****************************************************

## <u>പി പി ദിവ്യയെ മാറ്റി</u>

കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻ്റ് പി.പി. ദിവ്യയെ സി.പി.ഐ.എമ്മിൻറെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ സ്ഥാനങ്ങളിൽ നിന്നും ഒഴിവാക്കിയതായി പാർട്ടി ജില്ലാ കമ്മറ്റി ഓഫീസ് അറിയിച്ചു. പാർട്ടിയുടെ യശസ്സിന് കളങ്കമുണ്ടാക്കുന്ന വിധത്തിൽ പ്രവർത്തിച്ചതിനാണ് നടപടി. എ ഡി എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് 11 ദിവസമായി റിമാൻഡിൽ കഴിയുകയായിരുന്ന പി.പി.ദിവ്യ കോടതി ജാമ്യം അനുവദിച്ചതിനെ തുടർന്ന് ജയിൽമോചിതയായി. തലശ്ശേരി ജില്ലാ സെഷൻസ് കോടതി ഇന്ന് രാവിലെയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്.

*****************************************************

## <u>ക്രൈംബ്രാഞ്ച് റിപ്പോർട്ട് തള്ളി</u>

നവകേരള യാത്രയ്ക്കിടെ യൂത്ത് കോൺഗ്രസ് - കെ.എസ്.യു നേതാക്കളെ മർദ്ദിച്ച കേസിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ അനിൽകുമാറിനും സുരക്ഷാജീവനക്കാരൻ സന്ദീപിനും ക്ലീൻ ചിറ്റ് നൽകിയ ക്രൈംബ്രാഞ്ച് റിപ്പോർട്ട് ആലപ്പുഴ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി തള്ളി. കേസിൽ തുടരന്വേഷണം നടത്താനും കോടതി നിർദേശിച്ചു. കഴിഞ്ഞ ഡിസംബർ 15-ന് ആലപ്പുഴ ജനറൽ ആശുപത്രിക്ക് സമീപമായിരുന്നു സംഭവം.

*****************************************************

RNUTVPM

**ശബരിമല**

ശബരിമല മണ്ഡല മകരവിളക്ക് കാലത്ത് ദർശനത്തിനെത്തുന്ന ഭക്തർക്ക് വിശ്രമിക്കുന്നതിനും കുടിവെള്ളത്തിനും വിപുലമായ സൗകര്യം ഒരുക്കി ദേവസ്വം ബോർഡ്. വരി നിൽക്കുന്ന ഭക്തർക്കായി ബാരിക്കേഡുകൾക്കിടയിലെ പൈപ്പിലൂടെയും, കിയോസ്കുകൾ വഴിയും ചൂടുവെള്ളം എത്തിക്കും. മണ്ഡല-മകരവിളക്ക് കാലത്ത് പതിനാറായിരത്തോളം ഭക്തജനങ്ങൾക്ക് ഒരേ സമയം വിരി വെക്കാനുള്ള വിപുലമായ സൗകര്യം സജ്ജീകരിച്ചതായും ദേവസ്വം ബോർഡ് അറിയിച്ചു.

******************************************************

**പള്ളിവേട്ട - (ഇൻട്രോ)**

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിൻറെ ഭാഗമായ പള്ളിവേട്ട ചടങ്ങുകൾ ഇന്ന് രാത്രി നടക്കും. നാളെയാണ് പ്രശസ്തമായ ആറാട്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

RNU TVPM

**(വോയിസ്........)**

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട് ഘോഷയാത്രക്ക് വഴിയൊരുക്കുന്നതിൻറെ ഭാഗമായി നാളെ വൈകുന്നേരം 4 മുതൽ രാത്രി 9 വരെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള വിമാന സർവീസുകൾ നിർത്തിവയ്ക്കും. പള്ളിവേട്ടയോടനുബന്ധിച്ച് ക്ഷേത്രപ്രദേശത്ത് ഇന്ന് ഗതാഗത നിയന്ത്രണവും പാർക്കിങ്ങ് നിരോധനവും ഏർപ്പെടുത്തിയിട്ടുണ്ട്.

******************************************************

**<u>സംഗീതക്കച്ചേരി</u>**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ആം വാർഷികത്തോടനുബന്ധിച്ച് കോട്ടയം കുമാരനല്ലൂർ ക്ഷേത്രാങ്കണത്തിൽ നാളെ വൈകുന്നേരം ആറ് മണിക്ക് സംഗീതക്കച്ചേരി നടക്കും. ആകാശവാണിയും കോട്ടയം നാദോപാസന സംഗീതസഭയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി. ശിവകുമാർ നിർവഹിക്കും. നാദോപാസന സംഗീതസഭ പ്രസിഡൻറ് തിരുവിഴ ജയശങ്കർ അധ്യക്ഷത വഹിക്കും.

*****************************************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനം വിലക്കി.

*****************************************************

**<u>സ്കൂൾ കായികമേള</u>**

സംസ്ഥാന സ്കൂൾ കായിക മേളയിൽ ഗെയിംസ്, അക്വാട്ടിക്സ് വിഭാഗങ്ങളിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം ജില്ല. ഗെയിംസിൽ 467 ഇനങ്ങൾ പൂർത്തിയായപ്പോൾ 1097 പോയിൻറുകളാണ് തിരുവനന്തപുരം നേടിയത്. തൃശ്ശൂർ രണ്ടാം സ്ഥാനത്തും കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്. അത്ലറ്റിക്സിൽ 23 ഇനങ്ങൾ പൂർത്തിയായപ്പോൾ മലപ്പുറം

RNU TVPM

ഒന്നാമതും, പാലക്കാട് രണ്ടാം സ്ഥാനത്തുമാണ്.

അക്വാട്ടിക്സിലെ എല്ലാ മത്സരങ്ങളും പൂർത്തിയായപ്പോൾ തിരുവനന്തപുരം ജില്ല 654 പോയിൻ്റുകളോടെ ഒന്നാമതെത്തി. എറണാകുളം ജില്ല രണ്ടാം സ്ഥാനത്തും കോട്ടയം മൂന്നാമതുമായി ഫിനിഷ് ചെയ്തു.

*****************************************************

**<u>ഓഹരി</u>**

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 55 പോയിൻ്റ് നഷ്ടത്തിൽ 79,486- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 39 പോയിൻ്റ് നഷ്ടത്തിൽ 24,160- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർദ്ധന. പവന് 680 രൂപ വർദ്ധിച്ച് 58,280 രൂപയും ഗ്രാമിന് 85 രൂപ വർദ്ധിച്ച് 7,285 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

***************

******************************

*****************************************************